ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇപ്പോൾ ആലോചിച്ചിട്ടില്ല.

തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും മിനി ഫിഷിംഗ് ഹാർബർ

* 553 [601] ശ്രീ. പി. കെ. ചന്ദ്രാനന്ദൻ:

,, സി. പി. മൂസ്സാൻകുട്ടി:

,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ പണികൾ എന്നത്തേക്ക് ആരംഭിക്കും;

(സി) ഇവയ്ക്ക് എന്തു തുക ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി, സി) വിശദമായ അന്വേഷണ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവ പൂർത്തിയായതിനുശേഷമേ ഈ ഹാർബറുകളുടെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും എന്ത് തുക ചെലവാകുമെന്നും പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. കെ. ചന്ദ്രാനന്ദൻ; ഉംനാടൻ ഫിഷിംഗ് ഹാർബറുകൾ നടപ്പിലാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് മൽസ്യബന്ധനം സംബന്ധിച്ച് അവിടെ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: മൽസ്യബന്ധനയൂണിറ്റുകൾക്ക് താവളമടിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക, ബാർജ്ജുകൾ പണിയുക, ഓക്ഷൻ ഹോൾ ഉണ്ടാക്കുക തുടങ്ങി മൽസ്യബന്ധനത്തിനും വിപണനത്തിനും ഉള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ചന്ദ്രാനന്ദൻ: ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്തെല്ലാം കാര്യങ്ങൾ ഇതു സംബന്ധിച്ച് തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും സ്വീകരിച്ചിട്ടുണ്ട് എന്നും, അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ സ്ഥലങ്ങളിൽ വിശദമായ അന്വേഷണ ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അന്വേഷണ ഗവേഷണങ്ങൾ വിശദമായി നടത്തുവാൻ സാധാരണഗതിയിൽ രണ്ടുമൂന്നു വർഷങ്ങൾ പിടിക്കും. അതിനുശേഷം മാത്രമേ എന്നത്തേക്ക് പണിയാരംഭിക്കുവാൻ കഴിയുമെന്ന് പറയാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മൂസാൻകുട്ടി: അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. എന്നാൽ ഈ അന്വേഷണങ്ങളും നടത്തുന്ന അവസരത്തിൽ കണ്ണൂർ ജില്ലയിലെ അഴീക്കൽ, തലായി, ചെറുവത്തൂർ, മടക്കര എന്നീ സ്ഥലങ്ങളിൽ ഇപ്പോഴും മിനി ഫിഷിംഗ് ഹാർബർ ഇല്ലെങ്കിലും ആ രൂപത്തിൽ മൽസ്യം പിടിക്കുന്നതിനു ഏറ്റവും അധികം മൽസ്യത്തൊഴിലാളികളും തിങ്ങിത്താമസിക്കുന്നതും മിനി ഫിഷിംഗ് ഹാർബറിനു പറ്റിയ സ്ഥലങ്ങളുമാണ്. ഈ സ്ഥലങ്ങളിൽക്കൂടി മിനി ഫിഷിംഗ് ഹാർബർ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അഴീക്കൽ ഒരു മിനി ഫിഷിംഗ് ഹാർബർ അല്ല, ഒരു വലിയ ഫിഷിംഗ് ഹാർബർതന്നെ ഉണ്ടാക്കാനുള്ള പദ്ധതി ഉണ്ട്. അതിന്റെ മാതൃകാപഠനത്തിനുവേണ്ടി പൂനായിലെ ഗവേഷണകേന്ദ്രത്തിൽ അയച്ചിരിക്കുകയാണ്. അതു കഴിഞ്ഞാൽമാത്രമേ ഹാർബറിന്റെ പ്രവർത്തനം തുടങ്ങുകയുള്ളു. തലായി തുടങ്ങിയ പ്രദേശങ്ങളിലും അന്വേഷണഗവേഷണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ എല്ലാത്തിന്റേയും ഗവേഷണപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ ആശാവഹമായ തരത്തിൽ ഈ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. അബ്ദു: തങ്കശ്ശേരിയിലും തോട്ടപ്പള്ളിയിലും മിനി ഹാർബർ പണിയുന്നതിനെസംബന്ധിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ വളരെയേറെ ചരിത്രപ്രധാന്യം അർഹിക്കുന്ന കൊടുങ്ങല്ലൂരിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അവിടേയും മിനി ഹാർബർ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കൊടുങ്ങല്ലൂർ ഇതിനകത്ത് പെടുന്നതാണ്.

ശ്രീ. കെ. കെ. ശ്രീനിവാസൻ: കാർത്തികപ്പള്ളി താലൂക്കിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്തു കിടക്കുന്ന തോട്ടപ്പള്ളിയിൽ ഫിഷിംഗ് ഹാർബറിനു വേണ്ടി ഗവേഷണം നടത്തുന്നുണ്ടെന്നു പറഞ്ഞു. ഇതിന്റെ തെക്കുപടിഞ്ഞാറു ഭാഗത്ത് സ്ഥിതിചെയ്യുന്ന കായംകുളം പൊഴിയിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കാനുള്ള ഗവേഷണം ആരംഭിച്ചു കഴിഞ്ഞതായി മനസ്സിലാക്കുന്നുണ്ട്. ഈ കാരണംകൊണ്ട് കായംകുളത്തിന്റെ പ്രാധാന്യം കുറയുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഹാർബർ വരുന്നതുകൊണ്ട് കായംകുളത്തിന്റെ പ്രധാന്യം കൂടുകയല്ലേ ഉള്ളൂ. അതിന്റെ അന്വേഷണ പ്രവർത്തനങ്ങളും കാര്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഫിഷിംഗ് ഹാർബറിനെസംബന്ധിച്ചും മിനി ഫിഷിംഗ് ഹാർബറിനെസംബന്ധിച്ചും പൂനായിലും, പീച്ചിയിലും ഗവേഷണം നടത്തുന്നുണ്ടെന്ന് പറഞ്ഞു. നാലു കൊല്ലമായി നടന്നുകൊണ്ടിരിക്കുകയാണ്. ക്ലിയറൻസ് കിട്ടിയ പദ്ധതികളും വല്ലതും ഉണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ക്ലിയറൻസ് ആദ്യം കിട്ടിയതിനു തന്നെ സംശയങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിഴിഞ്ഞത്തെ രണ്ടും

LIBRARY ARCHIVES Kerala Legislative Assembly

മുന്നും ഘട്ടങ്ങൾക്ക് ക്ലിയറൻസ് കിട്ടിയിട്ടില്ല. ക്ലിയറൻസ് കിട്ടുമെന്ന പ്രതീക്ഷയിൽ സംസ്ഥാന ഗവൺമെന്റ് പണം ചെലവാക്കി കാര്യങ്ങൾ മുന്നോട്ട് പോകുന്നതിനു വേണ്ടത് ചെയ്തുകൊണ്ടിരിക്കുകയാണെന്നകാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അദ്ദേഹം ഈ കാര്യങ്ങൾ കൈകാര്യംചെയ്തുകൊണ്ടിരുന്നതാണ്. നീണ്ടകരയുടെ കാര്യത്തിലും ഉടനെതന്നെ ക്ലിയറൻസ് കിട്ടുമെന്നാണ് പറയാനുള്ളത്. മിക്കവാറും ക്ലിയറൻസ് കിട്ടും എന്നാണ് കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം കിട്ടിയിട്ടുള്ളത്. അതിന് സാംക്ഷൻ കൊടുത്തുകൊണ്ട് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഒന്നുരണ്ട് ലാൻഡിംഗ് സെന്ററുകൾക്ക് അനുമതി കിട്ടിയതായി വിവരം കിട്ടിയിട്ടുണ്ട്. രേഖാമൂലം ഉള്ള വിവരം കിട്ടിയിട്ടില്ല.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ലാൻഡിംഗ് സെന്ററുകൾക്ക് മുമ്പ് കിട്ടിയിരുന്ന ക്ലിയറൻസ് ഇല്ലാതാവുകയും പുതിയതായി ചില ലാൻഡിംഗ് സെന്ററിന് കിട്ടുകയും ചെയ്തു എന്നുള്ളത് ശരിയാണോ? ചെറുവത്തൂരിന്റെ കാര്യമാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ചെറുവത്തൂരിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി കിട്ടിയിട്ടില്ല എന്നാണ് എനിക്കു കിട്ടിയ വിവരം.

ശ്രീ. സി. ടി. അഹമ്മദാലി: കാസർകോട് തളങ്കരയിൽ പണി നടന്നുകൊണ്ടിരിക്കുന്ന ലാൻഡിംഗ് സെന്ററിന്റെ പണി മന്ദഗതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഏകദേശം നാല് വർഷമായി അതിന്റെ പണി തുടങ്ങിയിട്ട്. അതിന്റെ പണി എന്നേക്ക് പൂർത്തിയാക്കാൻ കഴിയും?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ വർഷം മിക്കവാറും പൂർത്തിയാകുമെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഫിഷിംഗ് ഹാർബറിന്റെ വികസനത്തെസംബന്ധിച്ച് പോളീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി വിപുലമായ ഒരു സർവ്വേ നടത്തുകയും ആറ് സെന്ററുകളുടെ വികസനത്തിന് നോട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. കൊടുങ്ങല്ലൂരും, പൊന്നാനിയും, ബേപ്പൂരും, കണ്ണൂരും എല്ലാം ഉൾപ്പെടുത്തിയിരുന്നു. അന്ന് ഇത് സംബന്ധിച്ച് എടുത്ത തീരുമാനം പിന്നീട് ഉപേക്ഷിച്ചുവോ? ഉപേക്ഷിച്ചു എങ്കിൽ അതിനുള്ള കാരണമെന്താണ്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ പറഞ്ഞതൊന്നും ഉപേക്ഷിച്ചിട്ടില്ല. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവിടെയെല്ലാം ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പലപ്പോഴും സെൻട്രൽ ഗവൺമെന്റിന്റെ ക്ലിയറൻസ് കിട്ടാൻ താമസം വരുന്നുണ്ട്. അതിന്റെ ഫലമായിട്ടാണ് താമസം വരുന്നത്.

ശ്രീ. വി. വി. ജോസഫ് (കുണ്ടറ): തങ്കശ്ശേരിയിലും, തോട്ടപ്പള്ളിയിലും മിനി ഫിഷിംഗ് ഹാർബർ പണിയുന്നതിനുവേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ പോകുന്നതായി പറഞ്ഞു. അന്വേഷണ ഗവേഷണങ്ങൾ നടത്തുന്നതിനോടൊപ്പം തങ്കശ്ശേരിയിലും, തോട്ടപ്പള്ളിയിലും മിനി ഫിഷിംഗ് ഹാർബർ ആവശ്യമാണ് എന്നും ഗവൺമെന്റിന് ബോദ്ധ്യം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: വളരെ അത്യാവശ്യമാണെന്ന് തോന്നിയതുകൊണ്ടാണ് അതിന്റെ അന്വേഷണ ഗവേഷണപ്രവർത്തനങ്ങൾ തുടങ്ങിയത്. അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കുതന്നെ നാലരലക്ഷം രൂപ ചെലവഴിക്കുവാൻ അനുമതി നൽകുകയും ചെയ്തത് അത് വളരെ ആവശ്യമായ പദ്ധതിയായതുകൊണ്ടാണ്.

ശ്രീ. എ. വി. താമരാക്ഷൻ: മാരാരിക്കുളം പൊഴിയുമായി ബന്ധപ്പെടുത്തി ഫിഷിംഗ് ഹാർബറിന്റെ പണി ആരംഭിക്കുന്നതിന് ഫിഷറീസ് വിദഗ്ദ്ധൻമാർ അന്വേഷണം നടത്തുകയും ആ സ്ഥലം നല്ലതാണെന്നു തിട്ടപ്പെടുത്തി പോവുകയും ചെയ്തു. ഇപ്പോൾ അതിന്റെ സ്ഥിതി വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവിടെ ഗവേഷണപ്രവർത്തനങ്ങൾ നടത്തത്തക്കവിധത്തിൽ അത്രയേറെ സാദ്ധ്യതയുള്ളതായി ഗവൺമെന്റിന്റെ മുമ്പിൽ അഭിപ്രായമില്ല.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ: വളരെയധികം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം അഞ്ചുതെങ്ങിലും വൈപ്പിൻപ്രദേശത്തും ഫിഷർമെൻ ഫ്ലർപ്പെടുത്തിയ പദ്ധതികൾ വമ്പിച്ച പരാജയമായിരുന്നു. ഗവൺമെന്റ് ഇപ്പോൾ അന്വേഷണം നടത്തിവരുന്നത് ഇത് കണക്കിലെടുത്ത് ഇനിയെങ്കിലും വേണ്ടവിധത്തിലുള്ള പരീക്ഷണങ്ങൾക്കുശേഷം ഈ പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഹാർബറിന്റെ കാര്യമല്ല അവിടെയുള്ള സ്കീമിന്റെ കാര്യമാണ്. സ്കീമുകളെല്ലാം വിജയത്തിലെത്തുമെന്ന ഉറപ്പോടുകൂടി ആരംഭിക്കാൻ കഴിയുകയില്ല. പ്രത്യേകിച്ചും മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പാവപ്പെട്ടവരുടെ കാര്യമായതുകൊണ്ട് അവർക്ക് പണം തിരിച്ചടക്കാൻ പ്രയാസം വന്നു എന്ന് വരാം. അതുകൊണ്ട് പ്രാരംഭമായ ചില പ്രയാസങ്ങൾ ഉണ്ടായിയെന്നുവച്ച് ആ സ്കീംതന്നെ ഉപേക്ഷിക്കാൻ കഴിയുകയില്ല.

ശ്രീ. ബി. വി. സീതി തങ്ങൾ: ലാൻഡിംഗ് സെൻറർ കൊടുക്കുന്നതിന് ഉദ്ദേശിക്കുന്ന ചേറ്റുവ പ്രദേശത്ത് ഒരു ഫിഷിംഗ് ഹാർബറോ മിനി ഫിഷിംഗ് ഹാർബറോ ഉണ്ടാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവിടെ അന്വേഷണ ഗവേഷണങ്ങൾ ആരംഭിച്ചിട്ടില്ല. ഈ കാര്യം ആലോചിക്കുന്നുണ്ട്.

ദേശസാൽക്കരണനയത്തിൽ മാറ്റം

* 554 [602] ശ്രീ. എം. വി. രാജഗോപാലൻ:
,, പി. കരുണാകരൻ:
,, എം. വി. രാഘവൻ:
,, സി. ടി. കൃഷ്ണൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly